പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2457 — 11/10/2011-ൽ മറുപടിയ്ക്ക്

## ബോണ്ട് കൈവശമുള്ള വ്യക്തികൾക്ക് വിൽക്കാനുള്ള വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.പാലോട് രവി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

(എ) വികസനപ്രവർത്തനങ്ങൾക്കായി ഭൂമി നൽകുന്നവർക്ക് ഭൂമിവിലയ്ക്ക് പകരം ബോണ്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ബോണ്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ ആരെയാണ് ഏല്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ബോണ്ട് കൈവശമുള്ള വ്യക്തികൾക്ക് വിൽക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഡി) ഓരോ വർഷവും ബോണ്ടുകളുടെ വില പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പദ്ധതികൾ നടപ്പാക്കുമ്പോൾ ഭൂമിക്കുണ്ടാകുന്ന വിലവർദ്ധനയുടെ തോത് അനുസരിച്ച് ബോണ്ടിന്റെ മൂല്യത്തിനും വർദ്ധനയുണ്ടാകാൻ ആലോചിക്കുമോ ?

(എ) (ബി) (സി) (ഡി) & (ഇ) പദ്ധതികൾ നടപ്പാക്കുമ്പോൾ സമീപപ്രദേശങ്ങൾ വികസിക്കുന്നതിന്റെ ഗുണഫലങ്ങൾ ഭൂദാതാക്കൾക്ക് ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് പരിഹരിക്കാനായി ഭൂഉടമയുടെ കൂടി സമ്മതത്തോടെ അവർക്ക് ഭൂമിയുടെ വിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായ വില ലഭിക്കുന്ന രീതിയിൽ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ നൽകുന്ന കാര്യം പുതിയ പുനരധിവാസ നയത്തിൽ സർക്കാർ പരിഗണിക്കുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നുണ്ട്. പുതിയ പുനരധിവാസ നയം പ്രാബല്യത്തിലാകുന്നതോടെ വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ലഭിക്കാത്ത സാഹചര്യം ഉണ്ടാവില്ലെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. സമഗ്രമായ പുനരധിവാസ; പുനക്രമീകരണ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ